"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ് - പ്രോജക്റ്റ് ഓഫ് മോഡേണൈസേഷൻ ഓഫ് ലാ ഡിപ്പാർട്ട്മെന്റ് - C.C.M.S പദ്ധതിയുടെ ഇംപ്ലിമെന്റിങ് ഏജൻസി ആയ കെൽട്രോണിന് 2024-2025-സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ പ്ലാൻ വിഹിതത്തിൽ ചെലവായ തുകയുടെ കുടിശ്ശിക 2025-2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുന്നത് - സംബന്ധിച്ച്.

---

**നിയമ (നോഡൽ) വകുപ്പ്**

സ.ഉ.(സാധാ) നം.356/2026/LAW തീയതി,തിരുവനന്തപുരം, 19-03-2026

---

പരാമർശം:-
(1) സ. ഉ. (സാധാ) നം. 325/2025/LAW തീയതി : 20-03-2025.
(2) സ. ഉ. (സാധാ) നം. 869/2025/LAW തീയതി : 29-07-2025.
(3) സ. ഉ. (സാധാ) നം. 1303/2025/LAW തീയതി : 27-11-2025
(4) സ. ഉ. (സാധാ) നം. 269/2026/LAW തീയതി : 02-03-2026
(5) EXP-A4/539/2025-FIN നമ്പർ ഫയലിൽ 18/03/2026 -ന് ധനകാര്യ വകുപ്പ് നൽകിയ അനുമതി.

**<u>ഉത്തരവ്</u>**

2024-2025 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ പ്ലാൻ ഫണ്ടിൽ അനുവദിച്ച തുകയായ 63 ലക്ഷം രൂപയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് പ്രോജക്റ്റ് ഓഫ് മോഡേണൈസേഷൻ ഓഫ് ലാ ഡിപ്പാർട്ട്മെന്റ് - C.C.M.S പദ്ധതിയുടെ ഇംപ്ലിമെന്റിങ് ഏജൻസി ആയ കെൽട്രോൺ സമർപ്പിച്ച ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 20,04,478/- രൂപ (ഇരുപത് ലക്ഷത്തി നാലായിരത്തി നാനൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) പരാമർശം (1) പ്രകാരം കെൽട്രോണിന് അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം പദ്ധതി തുക പുനക്രമീകരിച്ചതുമൂലം ബജറ്റ് തുക അപര്യാപ്തമായതിനാൽ 20,04,478/-രൂപയിൽ നിന്നും 2,82,000/- രൂപ (രണ്ട് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ ) Digitization of Old Files എന്ന കമ്പോണന്റിനായി പരാമർശം (1) പ്രകാരം കെൽടോണിനു കൈമാറി നൽകി ഉത്തരവായിരുന്നു.

2025-2026 സാമ്പത്തിക വർഷത്തെ ബജറ്റ് തുകയായ 63,00000/- രൂപ (അറുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) - ൽ നിന്നും നിയമ വകുപ്പിലെ "പ്രോജക്റ്റ് ഓഫ് മോഡണൈസേഷൻ ഓഫ് ലാ ഡിപ്പാർട്ടമെന്റ്" 2025-26 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾക്കായി

പരാമർശം (2) ഉം (3) ഉം (4) ഉം പ്രകാരം 44,83,280/- രൂപ (നാൽപ്പത്തിനാല് ലക്ഷത്തി എൺപത്തിമൂവായിരത്തി ഇരുന്നൂറ്റി എൺപത് രൂപയ്ക്ക് മാത്രം) ഭരണാനുമതി നൽകികൊണ്ട് ഉത്തരവായിട്ടുള്ളതാണ്. അതിനാൽ നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ തുകയ്ക്ക് പുറമെ "3451-00-090-98" കണക്കു ശീർഷകത്തിൽ ബാലൻസ് ഉള്ള തുകയിൽ നിന്നും കെൽട്രോണിനു നൽകാനുള്ള കുടിശ്ശിക തുകയായ 17,22,478/- രൂപ (പതിനേഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാനൂറ്റി എഴുപത്തി എട്ട് രൂപ മാത്രം) കെൽട്രോണിന് കൈമാറി നൽകുന്നതിന് പരാമർശം (5) പ്രകാരം ധനകാര്യ വകുപ്പ് അനുമതി നൽകുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രോജക്റ്റ് ഓഫ് മോഡേണൈസേഷൻ ഓഫ് ലാ ഡിപ്പാർട്ട്മെന്റ് എന്ന തുടർപദ്ധതിക്കായി 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി വിനിയോഗവുമായി ബന്ധപ്പെട്ട് കെൽട്രോണിന് കൈമാറി നൽകേണ്ടിയിരുന്ന 17,22,478/- രൂപ (പതിനേഴ് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി നാനൂറ്റി എഴുപത്തി എട്ട് രൂപ മാത്രം) അനുവദിച്ചു കൊണ്ടും പ്രസ്തുത തുകയിൽ നിന്നും 2% TDS തുകയായ 34,450/-രൂപ കിഴിച്ചു ബാക്കി തുകയായ 16,88,028/- (പതിനാറുലക്ഷത്തി എൺപത്തിയെട്ടായിരത്തി ഇരുപത്തിയെട്ടു രൂപ മാത്രം ) ഇംപ്ലിമെന്റിങ് ഏജൻസി ആയ കെൽട്രോണിന് കൈമാറി നൽകുന്നതിനും ഉത്തരവാകുന്നു.

പ്രസ്തുത തുക "മോഡേണൈസേഷൻ ഓഫ് ലാ ഡിപ്പാർട്ട്മെന്റ് 3451-00-090-98 " പ്ലാൻ എന്ന കണക്കു ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിനും, ടി തുക ചുവടെ ചേർക്കുന്ന അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നതിനും അനുമതി നല്കി ഉത്തരവാകുന്നു.

| പേര് | അക്കൗണ്ട് നമ്പർ & ബാങ്ക് | IFS കോഡ് | തുക |
|---|---|---|---|
| **M/s Kerala State Electronics Development Corporation Limited** | **30367948080** | **SBIN0004350** | **16,88,028/-** രൂപ (പതിനാറുലക്ഷത്തി എൺപത്തിയെട്ടായിരത്തി ഇരുപത്തിയെട്ടു രൂപ മാത്രം ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ജി സനൽ കുമാർ
നിയമ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം

3. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. നിയമ സെക്രട്ടറിയുടെ പി.എ.
6. നിയമ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
7. സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
8. ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
9. ചീഫ് പെർസ്പെക്റ്റീവ് പ്ലാനിംഗ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്.
10. ചീഫ് ജനറൽ മാനേജർ, കെൽട്രോൺ, തിരുവനന്തപുരം.
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ (വ്യയം) വകുപ്പ്.
12. നിയമ (ഭരണ) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.
13. നിയമ (നോഡൽ) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.
14. ഡെപ്യൂട്ടി സെക്രട്ടറി, നിയമ (ഭരണ) വകുപ്പ്
15. ഡി.ഡി.ഒ/ഡെപ്യൂട്ടി സെക്രട്ടറി നിയമ(അക്കൗണ്ട്സ്)വകുപ്പ്.
16. നിയമ (നോഡൽ) വകുപ്പ്.
17. വെബ് ആൻഡ് ന്യൂ മീഡിയ ഡിവിഷൻ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്) വകുപ്പ്.
18. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Suhail R
Date: 20-03-2026 11:40:54

സെക്ഷൻ ഓഫീസർ